

THURSDAY 23-03-2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-23/03/2023.

1. 2020-21 വർഷത്തിൽ റബ്ബറിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 1534 കിലോഗ്രാമിൽ നിന്നും ഹെക്ടറിന് 1565 കിലോഗ്രാമായി വർദ്ധിച്ചെന്നും കേരളത്തിലെ ആകെ റബ്ബർ ഉത്പാദനം 5.19 ലക്ഷം ടണ്ണിൽ നിന്നും 5.566 ലക്ഷം ടണ്ണായി വർദ്ധിച്ചെന്നും കൃഷിവകുപ്പ് മന്ത്രി പി പ്രസാദ്. റബ്ബർ കർഷകരെ സഹായിക്കാൻ 2015-16 മുതൽ സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. കൃഷിവകുപ്പിന്റെ പദ്ധതിയേതര (Non Plan) വിഹിതത്തിൽനിന്നും തുക കണ്ടെത്തിയാണ് കേരള സർക്കാർ പദ്ധതി നടപ്പിലാക്കുന്നത്. 2022-23 വർഷം 500 കോടി രൂപയാണ് റബ്ബർ പ്രൊഡക്ഷൻഇൻസെന്റീവ് നൽകുന്നതിനായി സർക്കാർ വകയിരുത്തിയിട്ടുള്ളത്. റബ്ബറിന്റെ താങ്ങുവില ഉയർത്തുന്നതിന് കേന്ദ്രസഹായം ആവശ്യമാണ്. കേന്ദ്രസർക്കാരിന് ലഭിക്കുന്ന ഇറക്കുമതി ചുങ്കത്തിൽനിന്നും സംസ്ഥാനങ്ങളുടെ ഉൽപ്പാദനം കണക്കാക്കി ആനുപാതികമായ തുക വില സ്ഥിരത ഫണ്ടിലേക്ക് ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രിപറഞ്ഞു.

2. ഫാർമർ പ്രൊഡ്യൂസർ കമ്പനി (FPC) കൾക്ക് ആവശ്യമായ സഹായം നൽകുമെന്ന് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ്. കാർഷികമേഖലയെ പ്രോത്സാഹിപ്പിക്കുക, കർഷകരുടെ വരുമാനം ഇരട്ടിയാക്കുക, പാരമ്പര്യകൃഷിരീതി പിന്തുടർന്നും നവീന കൃഷിരീതി അനുവർത്തിച്ചും കേരളത്തിൽ ഭക്ഷ്യ സ്വയംപര്യാപ്തത, ഭക്ഷ്യസുരക്ഷ എന്നിവ കൈവരിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കൃഷിക്കൂട്ടങ്ങൾ, സ്വയംസഹായസംഘങ്ങൾ, ഫാർമർക്ലസ്റ്ററുകൾ, കാർഷികോത്പാദന സംഘടനകൾ (FPOകൾ) തുടങ്ങിയവയ്ക്ക് ആവശ്യമായ സഹായങ്ങൾ നല്കുമെന്നു കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു. യുവതലമുറയേയും, പ്രവാസികളേയും, സ്ത്രീകളേയും കൃഷിയിലേക്ക് ആകർഷിക്കുവാനും ഇത്തരം കൂട്ടായ്മകൾ ആവശ്യമാണ്. കൂട്ടായ്മകളിൽക്കൂടി കൃഷിവിസ്തൃതി വർധിപ്പിക്കുവാനും ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കുവാനും സാധ്യമാകുന്നതോടെ കാർഷിക ഉല്പന്നങ്ങൾക്ക് മൂല്യവർധിത ഉല്പന്ന മേഖലയിലെ സാധ്യത വർധിപ്പിക്കുവാൻ സാധ്യമാകും എന്ന സർക്കാരിന്റെ കാഴ്ചപ്പാടാണ് കൂടുതൽ FPO കൾ കാർഷികമേഖലയിൽ ഉണ്ടാക്കി പ്രവർത്തനം ആരംഭിക്കണമെന്ന ലക്ഷ്യത്തിലേക്ക്

എത്തിച്ചത്. കാർഷിക കൂട്ടായ്മകൾ സൃഷ്ടിക്കുന്നതോടെയും മൂല്യവർധനവിൽ ശ്രദ്ധകേന്ദ്രീകരിച്ച് കർഷകരുടെ വരുമാനത്തിൽ വർധനവ് ഉണ്ടാക്കുവാൻ സാധിക്കുമെന്നു മന്ത്രി പറഞ്ഞു. കാർഷികഉൽപ്പാദനം മെച്ചമാക്കുന്നതിന് പുതിയ ശാസ്ത്രീയ കൃഷി രീതികളിൽ പരിശീലനം നൽകുക, കാർഷിക ഉൽപ്പന്നങ്ങൾക്ക് ഗ്രേഡിംഗ്, സോർട്ടിംഗ്, പാക്കിംഗ് എന്നിവ നടത്തുന്നതിന് പാക്ക് ഹൗസുകൾ സ്ഥാപിക്കുക, ഉൽപ്പന്നങ്ങൾക്ക് സർക്കാർ നേതൃത്വം വഹിച്ചുകൊണ്ട് ബ്രാൻഡിംഗ് ഏർപ്പെടുത്തുക എന്നിങ്ങനെ നാനോന്മുഖമായ പ്രവർത്തനങ്ങളാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. മൂല്യവർധിത കാർഷിക മിഷന്റെയും ലോകബാങ്കിന്റെയും സഹായത്തോടെ നടത്തുവാൻ ഉദ്ദേശിക്കുന്ന'കേര' (KERA) പ്രോജക്റ്റിന്റെ നടത്തിപ്പോടെയും FPO കളുടെ പ്രസക്തി വർധിപ്പിക്കുമെന്നതിനാൽ കൂടുതൽ FPO കൾ ഉല്പന്നങ്ങൾ കേന്ദ്രീകരിച്ച് സംസ്ഥാനത്ത് സൃഷ്ടിക്കുവാനുള്ള തീവ്രശ്രമത്തിലാണ് സർക്കാരെന്നും മന്ത്രി സൂചിപ്പിച്ചു.

3. സർക്കാർ സംരംഭമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മുട്ടയുല്പാദനം കഴിഞ്ഞതും മാതൃ- പിതൃ ശേഖരത്തിൽ പെട്ടതുമായ ഇറച്ചികോഴികൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9495000914 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഇന്ന് (23.03.2023) രാവിലെ 10 മണിക്ക് വിള ഇൻഷൂറൻസും സാമൂഹിക സുരക്ഷാ പദ്ധതികളും എന്ന വിഷയത്തിൽ ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279,പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. റബ്ബറിന്റെ മരുന്നുതളിക്കായി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.ഒ.സി.എൽ.) തയ്യാറാക്കി വിതരണം ചെയ്യുന്ന സ്പ്രേ ഓയിലിന്റെ 26 കിലോഗ്രാം പായ്ക്കുകൾ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ നടന്ന ചടങ്ങിൽ വെച്ച് റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ. എൻ. രാഘവൻ പുറത്തിറക്കി. റബ്ബറിന്റെ അകാലിക ഇലകൊഴിച്ചിൽരോഗത്തെ പ്രതിരോധിക്കുന്നതിനായി ഉപയോഗിക്കുന്ന കോപ്പർ ഓക്സിക്ളോറൈഡ് സ്പ്രേ ഓയിലിൽ കലർത്തിയാണ് തളിക്കുന്നത്. 210 കി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലോഗ്രാമിന്റെ വലിയ ബാരലുകളിലാണ് സ്പ്രേ ഓയിൽ ഇതുവരെ ലഭിച്ചിരുന്നത്. കേരളത്തിലെ സാഹചര്യത്തിൽ വ്യാപകമായി കാണുന്നതും കാര്യമായ ഉത്പാദനനഷ്ടത്തിന് ഇടയാക്കുന്നതുമായ രോഗമാണ് അകാലിക ഇലകൊഴിച്ചിൽ. റബ്ബർമരങ്ങൾക്ക് രോഗം വന്നശേഷം ചികിത്സിക്കുന്നതിലും നല്ലത് രോഗപ്രതിരോധമാർഗങ്ങൾ അവലംബിക്കുന്നതാണ്. മരങ്ങൾ രോഗവിമുക്തമായിരുന്നാൽ ഉത്പാദനനഷ്ടം ഒഴിവാകുമെന്ന് മാത്രമല്ല, റബ്ബറിന് മെച്ചപ്പെട്ട വില ലഭിക്കുന്ന സമയത്ത് കർഷകർക്ക് അതിന്റെ പരമാവധി ആനുകൂല്യം നേടാൻ കഴിയുമെന്നും ഡോ. കെ.എൻ. രാഘവൻ പറഞ്ഞു.

**കാർഷിക വാർത്തകൾ**

6. തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി ഇഞ്ചി, മഞ്ഞൾ, പച്ചക്കറികൾ മുതലായവ കൃഷി ചെയ്യാം. ചെന്നിരൊലിപ്പ് മാരകമാകാൻ സാധ്യതയുണ്ട്. കറ ഒലിക്കുന്ന ഭാഗം വൃത്തിയാക്കി ഉരുകിയ ടാറോ, ബോർഡോ കുഴമ്പോ തേക്കുക. ചെറുതെങ്ങുകൾക്ക് വെയിലിൽ നിന്ന് സംരക്ഷണം നൽകണം. തെങ്ങിൻ തോപ്പുകളിൽ ജലസേചനം തുടരേണ്ടതും ചെറുതെങ്ങുകൾക്ക് തണൽ നൽകുകയും ചെയ്യേണ്ടതാണ്. നനയ്ക്കാൻ കഴിയാത്ത തെങ്ങുകളുടെ ചുവട്ടിൽ പുതയിടുകയോ തൊണ്ട് കമഴ്ത്തി അടുക്കുകയോ ചെയ്യുന്നത് നല്ലതാണ്. ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി, മുതലായവക്കെതിരെ കർഷകർ ജാഗ്രത പാലിക്കേണ്ടതാണ്.

കുരുത്തോലച്ചാഴി, മഞ്ഞളിപ്പ് മുതലായ കീട രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കുക. മഞ്ഞളിപ്പ് കാണുകയാണെങ്കിൽ വിദഗ്ദ ഉപദേശം തേടി നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. തെക്കൻ വെയിലിൽ നിന്നുള്ള സൂര്യാഘാതം തടയുന്നതിനായി കമുകിൻ തടിയിൽ വെള്ള പൂശുകയോ കമുകിൻ പോളകൾ കൊണ്ട് പൊതിയുകയോ ചെയ്യണം. തോട്ടങ്ങളിൽ 3-5 ദിവസം ഇടവിട്ട് മരമൊന്നിന് 135 ലിറ്റർ എന്ന തോതിൽ ജലസേചനം നൽകുക.